# CLASS-2




BIJU KK, GHSS TUVVUR, MALAPPURAM

# ഉത്തരപർവത മേഖലയിലെ മനുഷ്യജീവിതം

–മൃഗപരിപാലനം: – ധാരാളം പുൽമേട്ടുകൾ ഉള്ളതിനാൽ കാശ്മീര്, ഹിമാചൽപ്രദേശ് എന്നിവിടങ്ങളിൽ വ്യാവസായികാടിസ്ഥാനത്തിൽ ചെമ്മരിയാട്ടുകളെ വളർത്തുന്നു.

–എക്കൽ നിബിഡമായ സിവാലികിന്റെ താഴ്വരയിൽ ഉരുളക്കിഴങ്ങ് ബാർലി കുങ്കുമപ്പൂവ് എന്നിവ കൃഷി ചെയ്യുന്നു.

–ആപ്പിൾ, ഓറഞ്ച് തുടങ്ങിയ പഴവർഗ്ഗങ്ങളും, തേയിലയും ഇവിടെ കൃഷിചെയ്യുന്നു.

–കൂടുതൽ തേയില ഉൽപ്പാദിപ്പിക്കുന്നത് ആസമിലാണ്

–ഏറെ പ്രകൃതി ഭംഗിയുള്ള ഉത്തരപർവതമേഖല വിനോദസഞ്ചാരികളുടെ പറുദീസയാണ്.

–ഷിംല, ഡാർജിലിംഗ്, കുളു, മണാലി തുടങ്ങിയ സുഖവാസകേന്ദ്രങ്ങൾ ഇവിടെയാണ്.

# ഉത്തര പർവത മേഖലയിലെ മണ്ണിനങ്ങൾ


-തവിട്ടുനിറത്തിലും കറുത്ത നിറത്തിലുള്ള മണ്ണാണ് ഇവിടെ കാണപ്പെടുന്നത്.

-പൊതുവെ ഫലപുഷ്ടി കൂടിയ ഈ മണ്ണ് പർവ്വത മണ്ണ് എന്നറിയപ്പെടുന്നു.

# ഉത്തരപർവതമേഖലയുടെ പ്രാധാന്യം

-വൈദേശിക ആക്രമണങ്ങളിൽനിന്നും നമ്മെ സംരക്ഷിക്കുന്നു.
-മൺസൂൺ കാറ്റുകളെ തടഞ്ഞു നിർത്തി ഉത്തരേന്ത്യയിൽ ഉടനീളം മഴപെയ്യിക്കുന്നു.
-ശൈത്യകാലത്ത് വടക്കുനിന്നും വീശുന്ന വരണ്ട ശീതക്കാറ്റിനെ ഇന്ത്യയിലേക്ക് കടക്കാതെ ചെറുക്കുന്നു.
-വൈവിധ്യമാർന്ന സസ്യജന്തുജാലങ്ങൾ കാണപ്പെടുന്നു.
-നദികളുടെ ഉത്ഭവസ്ഥാനം.
-ധാരാളം സുഖവാസകേന്ദ്രങ്ങൾ സ്ഥിതിചെയ്യുന്നു.

# ഹിമാലയൻ നദികൾ




BIJU KK, GHSS TUVVUR, MALAPPURAM



ഗംഗയുടെ ഉത്ഭവസ്ഥാനമായ
ഗോമുഖ് ഗുഹ

BIJU KK, GHSS TUVVUR, MALAPPURAM


Views of the Earth, Copyright © 2012 by Christoph Hormann http://earth.imagico.de


മാനസരോവർ തടാകം

# ഹിമാലയൻ നദികൾ – സവിശേഷതകൾ

| നദികൾ | ഉത്ഭവസ്ഥാനം | നീളം | പോഷകനദികൾ | ഒഴുകുന്ന സംസ്ഥാനം | എത്തിച്ചേരുന്ന സമുദ്രം |
|---|---|---|---|---|---|
| സിന്ധു | സിന്ധു ടിബറ്റിലെ മാനസസരോവർ തടാകം | ഏകദേശം 2280 കിലോമീറ്റർ ഇന്ത്യയിലൂടെ 709 കിലോമീറ്റർ മാത്രം ഒഴുകുന്നു | ത്സലം, ചിനാബ്, രബി, ബിയാസ്, സത്‌ലജ്. | ജമ്മുകാശ്മീർ, ഹിമാതൽ പ്രദേശ്, പഞ്ചാബ് | അറബിക്കടൽ. |
| ഗംഗ | ഗംഗോത്രി ഹിമാനിയിൽ ഗോമുഖ് ഗുഹ | ഏകദേശം 2500 കിലോമീറ്റർ നീളം | യമുന ഗാങ്ടോക്ക് ഗോമതി കോസി ഗാഘ്ര. | UP, ഉത്തരാഞ്ചൽ,MP, ബിഹാര് ,WB | ബംഗാൾ ഉൾക്കടൽ |
| ബ്രഹ്മപുത്ര | ടിബറ്റിലെ ചെമ-യുങ് – തുങ് ഹിമാനി. | ഏകദേശം 2900 കിലോമീറ്റർ ഇന്ത്യയിലെ നീളം 725 കിലോമീറ്റർ | തിസ്ത മാനസ് ലൂഹിത് ദിബാങ് സുബൻസിരി | അരുണാചൽ, ആസ്സാം, സിക്കിം, പശ്ചിമബംഗാൾ | ബംഗാൾ ഉൾക്കടൽ |

BIJU KK, GHSS TUVVUR, MALAPPURAM

# ഇന്ത്യ
# ഉത്തരമഹാസമതലം



## നദികൾ മെനഞ്ഞ സമതലങ്ങൾ

ഏതേതു നദികളുടെ നിക്ഷേപണത്തിന്റെ ഫലമായാണ് രൂപംകൊണ്ടിട്ടുള്ളത് എന്നതിന്റെ അടിസ്ഥാനത്തിൽ ഉത്തരമഹാസമതലത്തെ പല ഭാഗങ്ങളായി തിരിച്ചിട്ടുണ്ട്.

| സമതലത്തിന്റെ പേര് | ഭൂരൂപീകരണത്തിനു കാരണമാകുന്ന നദികൾ |
|---|---|
| പഞ്ചാബ് - ഹരിയാന സമതലം | സിന്ധുവും പോഷകനദികളും |
| രാജസ്ഥാനിലെ മരുസ്ഥലി-ബാഗർ സമതലങ്ങൾ | ലൂണി, സരസ്വതി നദികൾ |
| ഗംഗാസമതലം | ഗംഗയും പോഷകനദികളും |
| ആസാമിലെ ബ്രഹ്മപുത്രാ സമതലം | ബ്രഹ്മപുത്രയും പോഷകനദികളും |

# ഉത്തരമഹാസമതലം

-ഹിമാലയ പർവതത്തിന്റെ രൂപീകരണവേളയിൽ സിവാലിക്ക് നിരകൾക്ക് തെക്ക് ഭാഗത്ത് സമാന്തരമായി 2000 മീറ്റർ ആഴത്തിൽ അഗാധമായ ഗർത്തം സൃഷ്ടിക്കപ്പെട്ടു.

-ഈ ഗർത്തത്തിലേക്ക് ഹിമാലയൻ നദികൾ അനേകായിരം വർഷങ്ങളായി അവസാദങ്ങൾ നിക്ഷേപിച്ചതിന്റെ ഫലമായിട്ടാണ് അതിവിശാലമായ ഈ സമതലം രൂപപ്പെട്ടത്.

-വിസ്തൃതി ഏഴ് ലക്ഷം ചതുരശ്ര കിലോമീറ്റർ.

-ലോകത്തിലെ തന്നെ ഏറ്റവും വിസ്തൃതമായ എക്കൽ സമതലമാണ് ഇത്.

-സിന്ധു-ഗംഗ-ബ്രഹ്മപുത്രാ സമതലം എന്നും ഇത് പൊതുവെ അറിയപ്പെടുന്നു.

-വളരെയധികം ഫലപുഷ്ടിയുള്ള എക്കൽ സമതലമാണ് ഇത്.

# ഉത്തരമഹാസമതലത്തിന്റെ പ്രാധാന്യം.

-ലോകത്തിലെ തന്നെ ഏറ്റവും ഫലഭൂയിഷ്ഠമായ എക്കൽസമതലമാണ് ഉത്തരമഹാസമതലം.

-ധാരാളം നദികളും പോഷകനദികളും ഒഴുകുന്നു.

-ഗോതമ്പ്, ചോളം, നെല്ല, കരിമ്പ്, പരുത്തി, പയറുവർഗ്ഗങ്ങൾ എന്നിവ ധാരാളമായി കൃഷിചെയ്യുന്നു.

-അതിനാൽ ഉത്തരമഹാസമതലം ഇന്ത്യയുടെ ധാന്യപ്പുര എന്നാണ് അറിയപ്പെടുന്നത്.

-ലോകത്തിലെ ജനനിബിഡമായ പ്രദേശങ്ങളിലൊന്നാണ് ഉത്തരമഹാസമതലം.

-റോഡ്-റെയിൽ-കനാൽ ശൃംഖലകൾ ഏറ്റവും കൂടുതൽ വികാസം പ്രാപിച്ച പ്രദേശമാണ് ഉത്തരമഹാസമതലം.

റോഡ്, റെയിൽ, കനാൽ എന്നിവയുടെ ശൃംഖല ഏറ്റവും കൂടുതൽ വികാസം പ്രാപിച്ചത് ഉത്തരമഹാ സമതലത്തിലാണ്. എന്തുകൊണ്ട്?

-നിരപ്പാർന്ന പ്രദേശമായതുകൊണ്ടാണ് റെയിൽ-റോഡ് ശൃംഖലകൾ ഏറ്റവും കൂടുതൽ വികാസം പ്രാപിച്ചത്.

-വർഷം മുഴുവൻ ധാരാളം ജലം ലഭിക്കുന്ന നദികൾ ഒഴുകുന്നതിനാൽ കനാൽ ശൃംഖലകളും വികാസം പ്രാപിച്ചിരിക്കുന്നു.

BIJU KK, GHSS TUVVUR, MALAPPURAM

# ഉത്തരമഹാസമതലത്തിന്റെ പടിഞ്ഞാറ് ഭാഗം(രാജസ്ഥാനിലെ മരുസ്ഥലി-ബാഗർസമതലം) ജനവാസം വളരെകുറവാണ്. എന്തുകൊണ്ട്?

-ഉത്തരമഹാസമതലതിന്റെ പടിഞ്ഞാറുഭാഗത്ത് മഴ തീരെ കുറവാണ്.
-അതുകൊണ്ട് രാജസ്ഥാൻ സംസ്ഥാനത്തിലെ മിക്ക പ്രദേശങ്ങളും മരുഭൂമിയാണ്.
-ഈ ഭാഗം ഥാർ മരുഭൂമി എന്നറിയപ്പെടുന്നു.
-ഇന്ത്യയിൽ ഏറ്റവുംകൂടുതൽ ചൂടനുഭവപ്പെടുന്ന ജയ്സാൽമർ ഈ മരുഭൂമിയിലാണ്.
-ഈർപ്പം തീരെയില്ലാത്ത ലവണാംശമുള്ള മരുഭൂ മണ്ണാണ് ഇവിടെ കാണപ്പെടുന്നത്.
-മുൾച്ചെടികളും കുറ്റിക്കാടുകളും ആണ് ഇവിടത്തെ സ്വാഭാവിക സസ്യജാലങ്ങൾ.
-ഇതുകൊണ്ടെല്ലാമാണ് ഈ പ്രദേശത്ത് ജനവാസം വളരെ കുറഞ്ഞത്.




BIJU KK, GHSS TUVVUR, MALAPPURAM



BIJU KK, GHSS TUVVUR, MALAPPURAM

# രാജസ്ഥാനിലെ  മരുസ്ഥലി – ബാഗർ സമതലത്തിലെ പ്രധാനപ്പെട്ട കാർഷിക വിളകൾ

–ജലം വളരെ മിതമായ അളവിൽ മാത്രം ആവശ്യമുള്ള ബജ്റ,  ജോവർ എന്നിവയാണ് പ്രധാനപ്പെട്ട വിളകൾ.

# പഞ്ചാബ് ഹരിയാന സമതലത്തിന്റെ സവിശേഷതകൾ

-സിന്ധുനദിയും അതിന്റെ പോഷകനദികളും ചേർന്ന് രൂപം നൽകിയ വിശാലമായ സമതലമാണ് പഞ്ചാബ് ഹരിയാന സമതലപ്രദേശം.

-ചോളം, കരിമ്പ് എന്നിവയാണ് ഇവിടുത്തെ പ്രധാന വിളകൾ

-ഇവ ജലസേചനത്തെ ആശ്രയിച്ചാണ് കൃഷി ചെയ്യുന്നത്.

BIJU KK, GHSS TUVVUR, MALAPPURAM

# ഉത്തരമഹാ സമതലത്തിലെ മണ്ണിനങ്ങൾ

*എക്കൽ മണ്ണ് – ഫലപുഷ്ടി കൂടുതൽ

*മരുഭൂമി മണ്ണ് – ഈർപ്പം കുറവ്, ലവണാംശം കൂടുതൽ

BIJU KK, GHSS TUVVUR, MALAPPURAM

# ALL THE BEST

## BY


**BIJU K K,**

**HST SOCIAL SCIENCE,**

**GHSS TUVVUR,**

**Malappuam.**

**9895695437, 8075512478.**